കയർ ഫെസ്റ്റ് 2015

195 (1238) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഫെസ്റ്റ് 2015 -ന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രചാരണത്തിനായി എന്ത് തുക ചെലവഴിവച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം രീതിയിലുള്ള പ്രചാരണമാണ് സംഘടിപ്പിച്ചിരുന്നതെന്നും ഓരോ ഇനത്തിലും ചെലവ് വന്ന തുക എത്രയെന്നും അറിയിക്കാമോ ;

(ഡി) ഫ്ലക്സ് ബോർഡുകളും പോസ്റ്ററും പ്രിന്റ് ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ ;

(ഇ) മേളയ്ക്കുവേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകൾ മേള അവസാനിച്ചിട്ടും കയർ ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(എഫ്) മേളയുടെ മറവിൽ വൻധൂർത്തും ക്രമക്കേടുകളും നടന്നതായി ആരോപണമുയർന്നിട്ടുണ്ടോയെന്നും ആയത് പരിശോധിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കയർ കേരള 2015-ന്റെ കണക്ക് സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവഴിച്ച തുക കൃത്യമായി അറിയാൻ കഴിയൂ.

(സി&ഡി) കയർ കേരള 2015-ന്റെ പ്രചാരണത്തിനായി സംഘടിപ്പിച്ചിരുന്നത് ഹോർഡിംഗ്സ്, പ്രിന്റ് മീഡിയ, ഓഡിയോ-വിഷ്വൽ മീഡിയ എന്നിവയാണ്. ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് വിവരങ്ങൾ സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവ് കൃത്യമായി അറിയാൻ കഴിയൂ.

(ഇ) മേളകൾക്കുവേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകളിൽ ബാക്കിയായ കുറച്ച് പോസ്റ്ററുകൾ കയർ ഡയറക്ടറേറ്റിൽ സൂക്ഷിച്ചിട്ടുണ്ട്.

(എഫ്) മേളയുടെ മറവിൽ ധൂർത്തും ക്രമക്കേടുകളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

993/2018

LIBRARY ARCHIVES Kerala Legislative Assembly